പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 185

# 2024-ലെ കേരള പൊതുജന സുരക്ഷാ മുൻ കരുതലുകൾ നടപ്പാക്കൽ ബിൽ

**(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത് )**

കേരള സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിങ്ങനെ പൊതുജനം കൂട്ടമായി വന്നുചേരുന്ന ഇടങ്ങളിൽ പൊതുജന സുരക്ഷാ മുൻകരുതലുകൾ നടപ്പാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിങ്ങനെ പൊതുജനം കൂട്ടമായി എത്തിച്ചേരുന്ന ഇടങ്ങളിൽ പൊതുജന സുരക്ഷാ മുൻകരുതലുകൾ നടപ്പാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുമായി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ളിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള പൊതുജന സുരക്ഷാ മുൻകരുതലുകൾ നടപ്പാക്കൽ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "പൊതുജന സുരക്ഷാ മുൻകരുതലുകൾ" എന്നാൽ ഒരു സ്ഥാപനത്തിന്റെയോ പൊതുജനങ്ങൾ കൂട്ടമായി വന്നുചേരുന്ന സ്ഥലത്തിന്റെയോ അകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള സ്ഥാനങ്ങളിലും അതിൽ പൊതുവായി ഉപയോഗിക്കുന്ന ഇടങ്ങളിലും മൂലകളിലും അതോടൊപ്പമുള്ള പാർക്കിംഗ് സ്ഥലങ്ങളിലും,—

(i) ഭൗതികമായും സാങ്കേതികമായും ഉള്ള ആക്സസ്സ് കൺട്രോളുകൾ;

(ii) കുറഞ്ഞത് മുപ്പത് ദിവസം വീഡിയോ ചിത്രങ്ങൾ സൂക്ഷിക്കുന്ന സംവിധാനമുള്ള സി.സി.ടി.വി. ഉപയോഗിച്ചുള്ള നിരീക്ഷണം;

(iii) നിർണ്ണയിക്കാവുന്ന സ്പെസിഫിക്കേഷനിലുള്ള സാങ്കേതിക ഉപകരണങ്ങൾ;

(iv) സർക്കാർ, പൊതുജന സുരക്ഷയ്ക്കായി കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന സാങ്കേതിക ഉപകരണങ്ങൾ:

എന്നിവ സ്ഥാപിച്ചുകൊണ്ടുള്ള ആക്സസ്സ് കൺട്രോളും ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറാ സംവിധാനങ്ങളും എന്നർത്ഥമാകുന്നു;

(ബി) "സ്ഥാപനം" എന്നാൽ ഒരേ സമയത്ത് നൂറോ അതിലധികമോ അല്ലെങ്കിൽ പ്രതിദിനം അഞ്ഞൂറോ അതിലധികമോ ആളുകൾ ഒത്തുചേരുവാൻ സാധ്യതയുള്ള സർക്കാർ/സ്വകാര്യ കെട്ടിടങ്ങൾ, പൊതുസ്ഥാപനങ്ങൾ, വാണിജ്യ-വ്യാപാര കേന്ദ്രങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുരാലയങ്ങൾ, കായിക കേന്ദ്രങ്ങൾ, റെയിൽവേ/ബസ് സ്റ്റേഷനുകൾ, എയർപോർട്ടുകൾ, സിനിമാ ഹാളുകൾ, ഓഡിറ്റോറിയങ്ങൾ എന്നിവയോ അഞ്ചോ അതിലധികമോ ആളുകളെ നിയോഗിച്ചിട്ടുള്ള കച്ചവട സ്ഥലങ്ങളോ ഓഫീസുകളോ ഉൾപ്പെടുന്നതും കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്ന അപ്രകാരമുള്ള സ്ഥാപനങ്ങളും എന്നർത്ഥമാകുന്നു;

(സി) "സ്ഥലം" എന്നാൽ ഏതെങ്കിലും സ്ഥാപനത്തിന്റെ ഭാഗമല്ലാതെയുള്ള പൊതുഇടങ്ങൾ, മേളകളോ, കലാകായിക പരിപാടികളോ നടത്തപ്പെടുന്ന പ്രദേശങ്ങൾ, രാഷ്ട്രീയമോ, മതപരമോ അല്ലാത്തതോ ആയ യോഗങ്ങളോ ചടങ്ങുകളോ നടത്തപ്പെടുന്ന പ്രദേശങ്ങൾ, മതപരമോ അല്ലാത്തതോ ആയ ഉത്സവ/പെരുന്നാൾ പ്രദേശങ്ങൾ എന്നർത്ഥമാകുന്നു;

(ഡി) "പൊതുജന സുരക്ഷാ സമിതി" എന്നാൽ ഈ ആക്റ്റിലെ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച പൊതുജന സുരക്ഷാ സമിതി എന്നർത്ഥമാകുന്നു;

(ഇ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എഫ്) "വിജ്ഞാപനം" എന്നാൽ കേരള സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ജി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

3. <u>മുൻകരുതലുകളുടെ ചുമതല.</u>—സർക്കാർ, കാലകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി പ്രസിദ്ധപ്പെടുത്തിയ പ്രകാരം ശരാശരി എണ്ണം ആളുകൾ വരികയോ വരുവാൻ സാധ്യതയോ ഉള്ള സ്ഥാപനങ്ങളിലോ സ്ഥലങ്ങളിലോ പൊതുജന സുരക്ഷാ മുൻകരുതലുകൾ ഏർപ്പെടുത്തുകയോ സ്ഥാപിക്കുകയോ സംരക്ഷിക്കുകയോ ചെയ്യേണ്ടതിന്റെ ചുമതലയും അക്കാര്യം അതത് പ്രദേശത്തെ പൊതുജന സുരക്ഷാ സമിതിയെ അറിയിക്കുകയും

ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വവും അപ്രകാരമുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥനോ മേധാവിക്കോ മാനേജർ എന്ന നിലയിൽ നിയമിക്കപ്പെട്ടയാൾക്കോ അപ്രകാരമുള്ള നിലയിലെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നയാൾക്കോ സൊസൈറ്റിക്കോ അഥവാ പൊതുഇടങ്ങളിലെ ഏതെങ്കിലും ചടങ്ങുകളോ പരിപാടിയോ സംഘടിപ്പിച്ചതിന്റെ ഉത്തരവാദിത്വമോ സംഘാടനമോ നിർവ്വഹിച്ചയാൾക്കോ ഉള്ളതായിരിക്കുന്നതാണ്.

4. <u>വീഡിയോ സൂക്ഷിക്കുന്നത്</u>.—ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം ചുമതല നിർവ്വഹിക്കുന്നയാൾ അപ്രകാരമുള്ള സ്ഥലങ്ങളിലോ/സ്ഥാപനങ്ങളിലോ ജനങ്ങൾ വന്നു ചേർന്നതുമായി ബന്ധപ്പെട്ട മുഴുവൻ വീഡിയോയും കുറഞ്ഞത് മുപ്പത് ദിവസത്തേയ്ക്ക് സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതും അതുമായി ബന്ധപ്പെട്ട് പൊതുജന സുരക്ഷാ സമിതിയോ ഉപസമിതിയോ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ആളോ ആവശ്യപ്പെടുന്ന പ്രകാരം അപ്രകാരമുള്ള വീഡിയോകൾ കൈമാറേണ്ടതുമാണ്.

5. <u>സുരക്ഷാ മുൻകരുതലുകളുടെ വിവരം അപ്‌ലോഡ് ചെയ്യണമെന്ന്</u>.—ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരമുള്ള ചുമതല നിർവ്വഹിക്കുന്നയാൾ അല്ലെങ്കിൽ സൊസൈറ്റി ബന്ധപ്പെട്ട സ്ഥാപനത്തിൽ പൊതുജന സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്നും അപ്രകാരം സ്ഥാപിച്ചിരിക്കുന്ന ഉപകരണങ്ങളും സാമഗ്രികളും പ്രവർത്തനക്ഷമമാണെന്നും അവ പരിപാലിക്കപ്പെടുന്നുണ്ടെന്നുമുള്ള വിവരം സ്വയം സാക്ഷ്യപ്പെടുത്തി നിർണ്ണയിക്കാവുന്ന രീതിയിൽ ഫയൽ ചെയ്യേണ്ടതും സർക്കാർ നിർണ്ണയിക്കുന്ന പോർട്ടലിൽ ഓരോ ആറുമാസവും അപ്‌ലോഡ് ചെയ്യേണ്ടതാണ്.

6. <u>സുരക്ഷാ മുൻകരുതൽ സ്വീകരിക്കേണ്ട കാലപരിധി</u>.—ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരമുള്ള ചുമതല നിർവ്വഹിക്കുന്നയാൾ അല്ലെങ്കിൽ സൊസൈറ്റി ബന്ധപ്പെട്ട സ്ഥാപനത്തിൽ ഈ നിയമം പ്രാബല്യത്തിലായ തീയതിക്ക് ഒരു വർഷത്തിനുള്ളിലോ, സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കേണ്ട തീയതിക്കുള്ളിലോ ഏതാണോ ആദ്യം അതിന് മുൻപായി, ആ സ്ഥാപനത്തിൽ പൊതുജന സുരക്ഷാ മുൻകരുതൽ നടപടികൾ സ്വീകരിച്ചിരിക്കേണ്ടതാണ്.

7. <u>പൊതുജന സുരക്ഷാ സമിതി</u>.—(1) ഈ ആക്റ്റിലെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് സർക്കാർ ഒന്നോ അതിലധികമോ പ്രദേശങ്ങളിലേയ്ക്കായി ആ പ്രദേശത്തെ ജനപ്രതിനിധികളും ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരും അടങ്ങുന്ന പൊതുജന സുരക്ഷാ സമിതി എന്ന പേരിൽ ഒരു സമിതി രൂപീകരിക്കേണ്ടതാണ്;

(2) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സമിതിയിൽ സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന അപ്രകാരമുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ആയ അംഗങ്ങളെ ഉൾപ്പെടുത്താവുന്നതാണ്;

(3) പൊതുജന സുരക്ഷാ സമിതിക്ക് ആവശ്യമെങ്കിൽ പൊതുജന സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സർക്കാർ അനുമതിയോടെ ഉപസമിതികളെ നിയോഗിക്കാവുന്നതാണ്;

(4) പൊതുജന സുരക്ഷാ സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും അവ ബാധകമാകുന്ന സ്ഥാപനങ്ങളിൽ ആറുമാസത്തിനുള്ളിൽ നടപ്പാക്കേണ്ടതാണ്:

എന്നാൽ, പൊതുഇടങ്ങളിലെ പരിപാടികളുമായി ബന്ധപ്പെട്ട സമിതി നിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പാക്കുന്നതിന് പരിപാടിയുടെ ചുമതലക്കാർ/സംഘാടകർ നടപടി കൈക്കൊള്ളേണ്ടതാണ്.

8. പൊതുജന സുരക്ഷാ സമിതിയുടെ ചുമതലകൾ.—താഴെപ്പറയുന്നവ പൊതുജന സുരക്ഷാ സമിതിയുടെ ചുമതലകൾ ആയിരിക്കുന്നതാണ്, അതായത്:—

(1) ബന്ധപ്പെട്ട പ്രദേശത്തെ സ്ഥാപനങ്ങൾ, പൊതുഇടങ്ങൾ, മൈതാനങ്ങൾ തുടങ്ങി പൊതുജനങ്ങൾ കൂട്ടമായി വന്നുചേരുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തുക;

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സ്ഥാപനങ്ങൾ, പൊതുഇടങ്ങൾ, പ്രദേശങ്ങൾ എന്നിവയുടെ വിവരങ്ങളുൾപ്പെടെ ആവശ്യമായ രേഖകൾ സൂക്ഷിക്കുക;

(3) പ്രശ്നബാധിതമാകാവുന്ന സ്ഥാപനങ്ങൾ, പൊതുഇടങ്ങൾ, പ്രദേശങ്ങൾ കണ്ടെത്തുകയും യഥാസമയം സന്ദർശിക്കുകയും ചെയ്യുക;

(4) ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുക;

(5) നിർണ്ണയിക്കപ്പെടാവുന്ന മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

9. സുരക്ഷാ പരിശോധന നടത്തുന്നതിനുള്ള അധികാരം വിനിയോഗിക്കൽ.—(1) ആളുകൾ കൂട്ടമായി വന്നുചേരുന്ന സ്ഥാപനങ്ങളിൽ ഉചിതമായ സമയങ്ങളിൽ സുരക്ഷാ സംവിധാനങ്ങളുടെ പരിശോധന നടത്തുന്നതിന് സമിതിക്ക് കൂടാതെ പൊതുജന സുരക്ഷാ സമിതി ചുമതലപ്പെടുത്തുന്ന ആൾക്കോ പൊതുജന സുരക്ഷാ ഉപസമിതിക്കോ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) ഇപ്രകാരം സുരക്ഷാ പരിശോധന നടത്തുന്നതിന് കുറഞ്ഞത് രണ്ട് ദിവസം മുൻപായി ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ചുമതല വഹിക്കുന്നയാൾക്ക് പരിശോധന സംബന്ധിച്ച് നോട്ടീസ് നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം സുരക്ഷാ പരിശോധന നടത്തുവാൻ നിയോഗിക്കപ്പെട്ടയാളോ ഉപസമിതിയോ പരിശോധന നടത്തപ്പെട്ട സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാ സംവിധാനങ്ങളിലെ പാളിച്ചകളും നിബന്ധനകൾ പാലിക്കുന്നതിലെ വീഴ്ചകളും സംബന്ധിച്ച് എഴുതി തയ്യാറാക്കിയ പരിശോധനാ റിപ്പോർട്ട് അടിയന്തിരമായി പൊതുജന സുരക്ഷാ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിക്കപ്പെട്ട റിപ്പോർട്ട് സമിതിയുടെ ഏറ്റവും അടുത്ത യോഗത്തിലോ, അതിനായി വിളിച്ചുചേർത്ത പ്രത്യേക യോഗത്തിലോ പരിഗണിക്കേണ്ടതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരമുള്ള യോഗതീരുമാനങ്ങളിലുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്ഥാപന അധികാരിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.

(6) സമിതി നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് പരമാവധി സമയം യോഗം നിർണ്ണയിച്ച പ്രകാരമോ, മൂന്ന് മാസമോ ഏതാണോ കുറവ് അത് അനുവദിക്കാവുന്നതാണ്.

10. പൊതുഇടങ്ങളിലോ പ്രദേശങ്ങളിലോ നടത്തപ്പെടുന്ന പരിപാടികളുടെ സുരക്ഷാ പരിശോധന.—സ്ഥാപനങ്ങളിലല്ലാതെ പൊതുഇടങ്ങളിലോ പ്രദേശങ്ങളിലോ സംഘടിപ്പിക്കപ്പെടുന്ന പരിപാടികളുടെ സുരക്ഷാ സംവിധാനങ്ങളുടെ പരിശോധന നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സമയത്തും രീതിയിലും നടത്തേണ്ടതും പരിശോധനാ റിപ്പോർട്ട് അടിയന്തിരമായി ബന്ധപ്പെട്ടവർക്ക് സമർപ്പിക്കേണ്ടതുമാണ്.

11. സ്ഥാപനങ്ങൾ പൊതു സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിനുള്ള പിഴ ചുമത്തൽ.—പൊതുജന സുരക്ഷാ സമിതി നിർദ്ദേശങ്ങൾ പാലിക്കപ്പെടാത്ത സംഗതിയിൽ സ്ഥാപന ഉടമ/ചുമതല നിർവ്വഹിക്കുന്നയാൾ/സ്ഥാപനത്തിൽ പരിപാടി സംഘടിപ്പിക്കുന്നതിലെ മുഖ്യ ചുമതലയുള്ളയാൾ എന്നിവർ നോട്ടീസ് ലഭിച്ചതിനുശേഷം അതത് സംഗതിപോലെ താഴെപ്പറയുന്ന പ്രകാരമുള്ള പിഴ ഒടുക്കേണ്ടതാണ്;

(i) ആദ്യമാസം ഒടുക്കേണ്ട പിഴത്തുക പതിനായിരം രൂപയിൽ കവിയാതെയും;

(ii) തുടർന്നുള്ള മാസങ്ങളിൽ ഒടുക്കേണ്ട പിഴത്തുക പ്രതിമാസം ഇരുപത്തിഅയ്യായിരം രൂപയിൽ കവിയാതെയും ആയിരിക്കുന്നതാണ്.

12. പൊതു ഇടങ്ങളിലോ സ്ഥലങ്ങളിലോ നടത്തപ്പെടുന്ന പരിപാടികൾക്കുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിനുള്ള പിഴ.—പൊതു ഇടങ്ങളിലോ സ്ഥലങ്ങളിലോ സംഘടിപ്പിക്കുന്ന പരിപാടികളിൽ സുരക്ഷാ മാനദണ്ഡങ്ങളിൽ സംഭവിക്കുന്ന വീഴ്ചകൾക്കുള്ള പിഴത്തുക, ഒടുക്കേണ്ട രീതി എന്നിവ സർക്കാർ നിർണ്ണയിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്.

13. അപ്പീൽ.—(1) ഈ ആക്റ്റിലെ 9-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമോ 10-ാം വകുപ്പ് പ്രകാരമോ ഉള്ള പരിശോധനാ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ മൂലമോ 11-ാം വകുപ്പിലേയോ 12-ാം വകുപ്പിലേയോ പിഴ ചുമത്തൽ മൂലമോ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അപ്രകാരമുള്ള ഉത്തരവോ തീരുമാനമോ കൈപ്പറ്റിയ തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള അപ്പീലുകളിൻമേൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ അപ്പീൽ അപേക്ഷകന് ന്യായമായും പറയുവാൻ അവസരം നൽകിയ ശേഷം അപ്പീൽ അധികാരിക്ക് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള ഉത്തരവുകൾ അപ്പീൽ ലഭിച്ച് പതിനഞ്ച് ദിവസത്തിനകം പാസ്സാക്കേണ്ടതാണ്.

14. പിഴ ഒടുക്കൽ.—(1) സ്ഥാപന ഉടമയോ സ്ഥാപനത്തിന്റെ ചുമതല നിർവ്വഹിക്കുന്നയാളോ ഒരു പരിപാടിയുടെ മുഖ്യ സംഘാടകനോ ചുമതലയുള്ളയാളോ അപ്പീൽ അധികാരിയുടെ ഉത്തരവ് പ്രകാരമുള്ള പിഴ ഒടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിലെ 11-ാം വകുപ്പ് പ്രകാരമോ 12-ാം വകുപ്പ് പ്രകാരമോ നിശ്ചയിച്ച ഏതൊരു തുകയും നിർദ്ദേശിച്ച പ്രകാരം ഒടുക്കാത്ത സാഹചര്യത്തിൽ ഭൂമിയിൽ നിന്നുള്ള നികുതി കുടിശ്ശിക എന്നതുപോലെ ഈടാക്കാവുന്നതാണ്.

15. ആക്റ്റ് മറ്റേതെങ്കിലും നിയമങ്ങൾക്ക് ഭംഗം വരുത്തുന്നതല്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റ് നിയമങ്ങളിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്.

16. ഉത്തമവിശ്വാസപൂർവ്വം ചെയ്ത നടപടികൾക്ക് സംരക്ഷണം.—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകൾ പ്രകാരം ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് പൊതുജന സുരക്ഷാ സമിതിക്കോ അതിന്റെ ഉപസമിതിക്കോ സമിതി അംഗങ്ങൾക്കോ ജില്ലാ കളക്ടർക്കോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

17. ചട്ടങ്ങളുണ്ടാക്കാനുള്ള സർക്കാരിന്റെ അധികാരം.—(1) സർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും സർക്കാരിന്, ഈ ആക്റ്റിന് പ്രകടമായി ആവശ്യമുള്ളതോ അനുവദിച്ചിട്ടുള്ളതോ ആയ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഓരോ ചട്ടവും അത് ഉണ്ടാക്കിയശേഷം കഴിവതും വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന്

മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രാബല്യമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടങ്ങൾ പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്തുന്നതല്ലാത്തതാകുന്നു.

18. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് മുഖേന, ആ വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിലേയ്ക്കായി തങ്ങൾക്ക് ആവശ്യമെന്ന് തോന്നുന്നതും, ഈ ആക്റ്റിന് വിരുദ്ധമല്ലാത്തതുമായ ഏത് നടപടിയും സന്ദർഭം ആവശ്യപ്പെടുന്നതുപോലെ ഉത്തരവ് മുഖേന ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷത്തിനു ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും അത് ഉണ്ടാക്കിയതിനുശേഷം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

## ഉദ്ദേശ്യകാര്യങ്ങളുടെ വിവരണം

പൊതുജന സുരക്ഷ എന്നത് ഒരു സർക്കാരിന്റെ പ്രധാന ചുമതലകളിൽപെടുന്ന വിഷയമാണ്. പ്രത്യേകിച്ചും ആളുകൾ കൂട്ടമായി വന്നുചേരുന്നതോ വന്നുചേരുവാൻ സാധ്യതയുള്ളതോ ആയ സ്ഥാപനങ്ങളോ പൊതു ഇടങ്ങളോ സുരക്ഷിതമാണെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.

2. കേരളത്തിൽ പൊതുജനം വന്നുചേരുന്ന സ്ഥാപനങ്ങളും ഇടങ്ങളും പൊതുവേ സുരക്ഷിതമെന്ന് കരുതാമെങ്കിലും അപ്രതീക്ഷിതമായി ഏതെങ്കിലും അസ്വാഭാവിക സംഭവങ്ങൾ ഉണ്ടാകുന്നത് കാര്യക്ഷമമായി തടയുന്നതിനും, ഉണ്ടായാൽ യഥോചിതം നേരിടുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള സംവിധാനം സജ്ജമാക്കേണ്ടത് ആവശ്യമാണ്.

3. കൂടാതെ, ഇപ്രകാരമുള്ള സംവിധാനങ്ങളുടെയും മറ്റ് ക്രമീകരണങ്ങളുടെയും കാര്യക്ഷമതയും പരിപാലനവും ഉറപ്പ് വരുത്തുന്നതിനും കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടുന്ന സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങളുടെ ഏതെങ്കിലും ലംഘനമുള്ള പക്ഷം അവ കണ്ടെത്തി പരിഹരിക്കുന്നതിനുമായി പൊതുജന സുരക്ഷാ സമിതി രൂപീകരിക്കുന്നത് സുരക്ഷാ ഭദ്രതയ്ക്ക് ശക്തി പകരുന്നതാണ്.

4. മേൽ പ്രസ്താവിച്ച ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

പൊതുജനം കൂട്ടമായി വന്നുചേരുവാനിടയുള്ള പൊതു/സ്വകാര്യ സ്ഥാപനങ്ങളോ ഇടങ്ങളോ അതതിന്റെ ചുമതല നിർവ്വഹിക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെയോ സ്വകാര്യ വ്യക്തികളുടെയോ ഫണ്ട് വിനിയോഗിച്ച് സുരക്ഷാ സംവിധാനങ്ങൾ സജ്ജമാക്കുമെന്നതിനാലും സുരക്ഷാ സമിതി നിലവിലുള്ള ജനപ്രതിനിധികളും സർക്കാർ ഉദ്യോഗസ്ഥരും ചേർന്നുള്ളതാകയാലും സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ആവർത്തനവും അനാവർത്തനവുമായ യാതൊരു അധിക ചെലവുകളും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിലെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ നിശ്ചയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) ബില്ലിലെ 4-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം പൊതുജന സുരക്ഷാ സമിതി അംഗങ്ങളെ സംബന്ധിച്ച് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(3) ബില്ലിലെ 5-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം പൊതുജന സുരക്ഷാ സമിതിയുടെ ചുമതല ബില്ലിൽ പരാമർശിച്ചിട്ടുള്ളതിന് പുറമെ ആവശ്യമായവ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ബില്ലിലെ 15-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(5) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവ ആകുന്നു. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. എൻ. ജയരാജ്.